**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3861** **06-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന നദീതട അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നദികളുടെ പരിപാലനവും സംരക്ഷണവും ലക്ഷ്യമിട്ട് സംസ്ഥാന നദീതട അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും നദികളുടെ, ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുന:സ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നതേയുള്ളൂ. |
| (ബി) | കഴിഞ്ഞ വർഷത്തിലുണ്ടായ പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ചില നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടുകയും മറ്റു ചിലത് ഗതിമാറി ഒഴുകുകയും ചെയ്യുന്നുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ? | (ബി) | 2018ലെ മഹാപ്രളയം 2019ലെ പ്രളയം എന്നിവയുടെ ഫലമായി സംസ്ഥാനത്തെ ചില നദികളുടെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ടുകയും ഗതിമാറി ഒഴുകുകയും ചെയ്തിട്ടുണ്ട്. അനിയന്ത്രിതമായ രൂപത്തിൽ നദികളിലേയ്ക്ക് ഒഴുകിയെത്തിയ ചളി/ എക്കൽ/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ ചേർന്നുണ്ടായ തടസ്സമാണ് സമീപ പ്രദേശങ്ങൾ വെള്ളത്തിലാകുന്നതിനും നദീഭാഗങ്ങൾ/നദികളുടെ കൈവഴികൾ ഗതി മാറുന്നതിനും കാരണമായിത്തീർന്നത്. പ്രളയ സമയത്ത് രൂപപ്പെട്ട തിട്ടകൾ/ചെറുദ്വീപുകൾ നദികളുടെ സുഗമമായ നീരൊഴുക്കിനെ ബാധിക്കുന്നുണ്ട്. ജില്ലാഭരണകൂടത്തിന്റെ കൂടി സഹായത്തോടെ, ഇവ നീക്കം ചെയ്ത് നദിയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുത്തിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ട് ഗതിമാറിയൊഴുകിയ പ്രധാന നദികളുടെ /നദീഭാഗങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. { |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പുഴയുടെ പേര് | സ്ഥലം/കൈവഴി |
|---|---|---|
| 1 | കല്ലൻ പുഴ | കാളികാവ് പഞ്ചായത്ത്, ഈനാദി തെക്കിൻപൊട്ടി |
| 2 | ചാലിയാർ പുഴ | പോത്ത്കല്ല് പഞ്ചായത്തിലെ മുണ്ടേരി |
| 3 | ചാലിയാർ പുഴ | പോത്ത്കല്ല് പഞ്ചായത്തിലെ മാമ്പറ്റ ബ്രിഡ്ജിനു മുകൾ ഭാഗം |
| 4 | തൂതപ്പുഴ | മൂർക്കനാട് |
| 5 | വെള്ളിയാർ റിവർ | മേലാറ്റൂർ |
| 6 | കടലുണ്ടിപ്പുഴ | മലപ്പുറം മുനിസിപ്പാലിറ്റി നമ്പ്രാണി ചെക്ക് ഡാമിന് മുകൾ ഭാഗത്ത് |
| 7 | ഭാരതപ്പുഴ | വെള്ളിയംകോട് പഞ്ചായത്തിലെ പുതു പൊന്നാനിയിൽ ചെറുകാട് പ്രദേശം |
| 8 | വളപട്ടണം പുഴയുടെ കൈവഴി കൾ | ബാവലിപ്പുഴ, ഇരട്ടിപ്പുഴ, കുണ്ടൂർപ്പുഴ, നുച്യാട് പുഴ, കക്കുവ പുഴ, കാഞ്ഞിരപ്പുഴ, പേരട്ടതോട്, ചരൾപുഴ |
| 9 | പമ്പയാർ | പമ്പ |